(സി) ശമ്പളവർദ്ധനവു്, അലവൻസു് മുതലായവയെ സംബന്ധിച്ചാണു്. ഇവ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്

പോലീസു് ബാൻഡു്.

* 873. [45] ശ്രീ. കെ. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസു് ബാൻഡു് സ്വകാര്യവ്യക്തികളുടേയോ, സ്ഥാപനങ്ങളുടേയോ ആവശ്യത്തിനു് വിട്ടുകൊടുക്കുന്നതു് എന്തു വ്യവസ്ഥകളിന്മേലാണു്;

(ബി) സ്വകാര്യ വിവാഹാഘോഷങ്ങൾക്കു് പോലീസു് ബാൻഡു് ഈ അടുത്തകാലത്തു് ഉപയോഗിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരെല്ലാം; അതിനു് ഫീസു് ഈടാക്കിയിട്ടുണ്ടോ;

(ഡി) ആ ഇനത്തിൽ ഗവണ്മെൻറിനു് വരവോ ചെലവോ എത്ര?

ആഭ്യന്തര കാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സ്വകാര്യവ്യക്തികളുടേയും, സ്ഥാപനങ്ങളുടേയും അപേക്ഷയനുസരിച്ചു് നിയമാനുസരണമുള്ള ഫീസു് സ്വീകരിച്ചതിനുശേഷം പോലീസു് ബാൻഡു് വിട്ടുകൊടുത്തിട്ടുണ്ടു്.

(ബി) ഉവ്വു്.

(സി) 1. ശ്രീ. എസു്. പി. ജാൺസൻ, പാറമ്മൂക്കു്, തിരുവനന്തപുരം.

2. മാതൃഭൂമിയുടെ തിരുവനന്തപുരം പ്രതിനിധി എന്നവരുടെ അപേക്ഷയനുസരിച്ചു് 30-9-54-ലും, 27-10-54-ലും ഉള്ള രണ്ടു വിവാഹച്ചടങ്ങുകൾക്കായി നിയമാനുസരണമുള്ള ഫീസു് സ്വീകരിച്ചതിനുശേഷം പോലീസു് ബാൻഡു് അയച്ചിട്ടുണ്ടു്.

(ഡി) ഓരോ ചടങ്ങിനും, 37 രൂപാ എട്ടു് (8) അണാവീതം ആകെ 75 (എഴുപത്തിഅഞ്ചു്) രൂപാ ബാൻഡു് ഫണ്ടിലേക്കു വരവുണ്ടു്.

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾ.

* 874. [47] ശ്രീ. പി. കെ. കുഞ്ചൻ: താഴെ കാണുന്ന ചോദ്യത്തിനു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-55 ബഡ്ജറ്റവർഷത്തിൽ പട്ടികജാതിയിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ വിവിധകോളേജുകളിലായി പഠിച്ചിരുന്നു;

(ബി) ഏതെല്ലാം കോളേജുകളിൽ എത്ര വിദ്യാർത്ഥികൾ വീതമാണു് പഠിച്ചിരുന്നതു;

(സി) ഇവരുടെ വിദ്യാഭ്യാസാർത്ഥം എത്ര രൂപാ ഗവണ്മെൻറിനു ചെലവായിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly